LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

33(2580) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലെ കോഴ്സുകൾക്ക് കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ആവശ്യപ്പെട്ട പ്രകാരം "നീഡ് അനാലിസിസ്" നടത്തുകയും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗവ. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) പരിശോധിച്ചുവരുന്നു.

വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ

34(2581) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആദ്യമായി അക്കാദമിക സ്വാതന്ത്ര്യമുള്ള സ്വയംഭരണ കോളേജുകൾ ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി നവീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നടപ്പിലാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിച്ച് കൊണ്ടുള്ള പ്രൊഫ. ബി. ഹൃദയകുമാരി സമിതി റിപ്പോർട്ട് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലുള്ള വിവിധ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി കളിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമത്വം, ലഭ്യത, മികവ് എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഫണ്ട് നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'റൂസ' കേരളത്തിൽ ആരംഭിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായമായ ആദ്യ ഗഡു വിതരണം ചെയ്യുകയും ചെയ്തു.

ഉന്നത വിദ്യാഭ്യാസ രംഗത്തെ വിവിധ മുഖങ്ങളായ ഗവേഷണം, അദ്ധ്യാപനം, വിദ്യാർത്ഥിക്ഷേമം, ഇ-ഭരണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളെ അടിസ്ഥാനമാക്കി നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) കേരള സർവ്വകലാശാലയ്ക്ക് 2015-ൽ 'എ' ഗ്രേഡ് നൽകുകയുണ്ടായി. സംസ്ഥാനത്തെ മികച്ച സർവ്വകലാശാലയ്ക്കുള്ള പ്രഥമ ചാൻസിലർ അവാർഡ് കേരള സർവ്വകലാശാലയ്ക്ക് 2015-ൽ ലഭിക്കുകയുണ്ടായി.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതി ഏകീകരിക്കുന്നതിലേക്കും സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി സംസ്ഥാനത്ത് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രൂപീകരിച്ചു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

1. ഇ-ഗവേണൻസ്
2. GAIN-PF
3. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി (CQIP)
4. പൈതൃക കോളേജുകൾ ഉൾപ്പെടെ പത്തു കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക.
5. ഗവേഷണ സഹായ പദ്ധതി
6. പഠിതാവിനൊപ്പം പദ്ധതി
7. പൊതുപ്രവേശന പരീക്ഷാ പരിശീലന പദ്ധതി
8. ഫ്ളയർ
9. കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി
10. എഡ്യൂസാറ്റ് സ്കീം വിത്ത് ടെലി-ടെയിനിംഗ് ഇൻ ഗവൺമെന്റ് കോളേജസ്.

(ബി) എല്ലാ രംഗങ്ങളിലും മികവ് വർദ്ധിപ്പിക്കുവാൻ മാസ്റ്റർ ആക്ഷൻപ്ലാൻ തയ്യാറാക്കി അതിലെ പദ്ധതികൾ നടപ്പിലാക്കാൻ സുസജ്ജമായ ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽനിന്നും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള നവീകരണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.